Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2018/1234 (18) തീയതി: 22.03.2018

**സർക്കുലർ**

**വിഷയം :- കൈറ്റ് - അവധിക്കാല പരിശീലനങ്ങളിൽ പങ്കെടുക്കുന്നവർ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഐ.സി.ടി. സാധ്യതകളുപയോഗിച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ തുടക്കം കുറിക്കുന്ന ഈ പരിശീലനങ്ങളിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) **services** എന്ന മെനുവിൽ **Training Management System**-ൽ സമ്പൂർണ്ണ ലോഗിൻ ഉപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ ലോഗിൻ വിശദാംശങ്ങൾക്ക് കൈറ്റിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

2. പോർട്ടലിലെ Home പേജിൽ ICT Registration-ൽ ക്ലിക്ക് ചെയ്യുമ്പോൾ സമ്പൂർണയിൽ അപ്ഡേറ്റ് ചെയ്ത അധ്യാപകരുടെ ലിസ്റ്റ് കാണാവുന്നതാണ്. ലിസ്റ്റ് പൂർണമല്ലെങ്കിൽ സമ്പൂർണയിൽ ആ അധ്യാപകരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ശേഷം Training management system പോർട്ടലിന്റെ Home പേജിലുള്ള Data Sync എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

   ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി അധ്യാപകരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നേരിട്ട് Training Management System-ൽ ഉൾപ്പെടുത്തേണ്ടതാണ്.

3. സ്കൂൾ പ്രഥമാധ്യാപകർ അവരവരുടെ സ്കൂളിലെ എല്ലാ അധ്യാപകരുടേയും വിശദാംശങ്ങൾ പരിശീലന പോർട്ടലിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. Name of bank, Mobile Number, Account Number, Name of branch എന്നിവ സമ്പൂർണയിൽ നിലവിൽ ഉൾപ്പെടുത്താത്തതിനാൽ അധ്യാപകരുടെ പേരിന് നേരെയുള്ള Edit ബട്ടണുപയോഗിച്ച് ടി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

5. ICT Training-ലും Subject Training-ലും അധ്യാപകരുടെ സൗകര്യാർത്ഥം പരിശീലന കേന്ദ്രവും ബാച്ചും നിർദ്ദേശിക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന അധ്യാപകർക്കായിരിക്കും മുൻഗണന. എന്നാൽ ഒരു ബാച്ചിലേക്ക് മതിയായ എണ്ണം പരിശീലകരില്ലെങ്കിൽ പ്രസ്തുത ബാച്ച് റദ്ദുചെയ്ത് മറ്റു കേന്ദ്രങ്ങളിലേക്ക് ക്രമീകരിക്കുന്നതാണ്.

6. സമഗ്രയിൽ അംഗത്വമുള്ള അധ്യാപകർക്ക് സമഗ്രയിലെ ലോഗിൻ ഉപയോഗിച്ച് അനുയോജ്യമായ പരിശീലന കേന്ദ്രം, ബാച്ച് എന്നിവ തെരഞ്ഞെടുക്കാവുന്നതാണ്.

7. വിഷയാധിഷ്ഠിത ഹൈസ്കൂൾ അധ്യാപകരുടെ പരിശീലന വിശദാംശങ്ങൾ (പരിശീലന കേന്ദ്രം, ബാച്ച്, അധ്യാപകരുടെ എണ്ണം തുടങ്ങിയവ) ആർ.എം.എസ്.എയും പ്രൈമറി വിഭാഗം അധ്യാപകരുടേത് എസ്.എസ്.എയും ഹയർസെക്കന്ററിയുടേത് അതത് ആർ.ഡി.ഡിയും വൊക്കേഷണൽ ഹയർസെക്കന്ററിയുടേത് ബന്ധപ്പെട്ട എ.ഡിയും കൈറ്റിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് Training Management System-ൽ ഉൾപ്പെടുത്തേണ്ടതാണ്.

8. അവധിക്കാല അധ്യാപക പരിശീലനത്തിന് ജില്ലയിലെ/വിദ്യാഭ്യാസ ജില്ലയിലെ/ വിദ്യാഭ്യാസ ഉപജില്ലയിലെ എല്ലാ അധ്യാപകരുടെ വിശദാംശങ്ങളും സമയബന്ധിതമായി പരിശീലനത്തിന് ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആർ.ഡി.ഡി, എ.ഡി എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

9. Training Management System-ത്തെ സംബന്ധിച്ച യൂസർഗൈഡ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒമാർക്കും
സ്റ്റോക്ക് ഫയൽ